അമേരിക്കയിൽ വെടിവയ്പ്: 3 പേർക്ക് പരിക്ക്

വാഷിംഗ്ടൺ: അമേരിക്കയിലെ ദേശീയ സുരക്ഷ ഏജൻസിയിൽ നടന്ന വെടിവയ്പിൽ മൂന്ന് പേർക്ക് പരിക്കേറ്റു. മേരിലാന്റിലെ ഏജൻസി ആസ്ഥാനത്തിന് പുറത്താണ് വെടിവയ്പ്പ് നടന്നത്. സംഭവവുമായി ബന്ധപ്പെട്ട ഒരാളെ പൊലീസ് അറസ്റ്റ് ചെയ്തു. പരിക്കേറ്റവരെ അടുത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

നെതന്യാഹുവിനെതിരെ പൊലീസ് റിപ്പോർട്ട്

ടെൽ അവീവ്: ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെതിരെ ഉയർന്ന അഴിമതിയാരോപണങ്ങൾ ശരിവച്ച് പൊലീസ് റിപ്പോർട്ട്. ഇസ്രായേൽ പൗരനും ഹോളിവുഡ് നിർമ്മാതാവുമായ ജെയിംസ് പാർക്കറിൽ നിന്ന് 2007 മുതൽ 2016 വരെ നെതന്യാഹു ആഭരണങ്ങളും വിലകൂടിയ ഷാമ്പെയിനുകളും സിഗരറ്റുകളും വാങ്ങിയെന്നാണ് റിപ്പോർട്ട്. ഇവ കൈക്കൂലിയായി കണക്കാക്കാമെന്നാണ് പൊലീസിന്റെ കണ്ടെത്തൽ. ഇതിനുപുറമെ ഇസ്രായേലിലെ പ്രമുഖ പത്രത്തിന്റെ ഉടമയ്ക്കുവേണ്ടി മറ്റു പത്രങ്ങളുടെ പ്രചാരം കുറയ്ക്കാൻ നീക്കം നടത്തിയെന്നും റിപ്പോർട്ടിൽ പറയുന്നു. എന്നാൽ റിപ്പോർട്ടിലെ വിവരങ്ങൾ അടിസ്ഥാനരഹിതമാണെന്നും സുഹൃദ് ബന്ധത്തിന്റെ പേരിലാണ് തനിക്കു പാരിതോഷികങ്ങൾ നൽകിയതെന്നും നെതന്യാഹു വിശദീകരിച്ചു.

ട്രാൻസ്ജെൻഡറിന് എയർഇന്ത്യ ജോലി നിഷേധിച്ചതിൽ പ്രതിഷേധം

ന്യൂഡൽഹി: ഭിന്നലിംഗക്കാരിയായ ഷാനവി പൊന്നുസ്വാമിക്ക് എയർഇന്ത്യ ജോലി നിഷേധിച്ച സംഭവം ഭരണഘടന വാഗ്ദാനം ചെയ്യുന്ന അവകാശങ്ങളുടെ ലംഘനമാണെന്ന് ദേശീയ മഹിളാ ഫെഡറേഷൻ ജനറൽ സെക്രട്ടറി ആനിരാജ കുറ്റപ്പെടുത്തി. ഭിന്നലിംഗക്കാരെ ജോലിക്കെടുക്കാൻ റിക്രൂട്ട്മെന്റ് നയം അനുവദിക്കുന്നില്ലെന്നാണ് എയർഇന്ത്യ ഷാനവിയെ അറിയിച്ചത്. ഇതിന് കേന്ദ്ര സർക്കാർ മറുപടി പറയണം. ഭിന്നലിംഗക്കാരുടെ ക്ഷേമം ഉറപ്പാക്കുമെന്ന് അവകാശപ്പെടുന്നവർ പൊതുമേഖലാ സ്ഥാപനത്തിൽ ജോലി നൽകാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. റിക്രൂട്ട്മെന്റ് നയം ഭേദഗതി ചെയ്യണമെന്നും ആനിരാജ ആവശ്യപ്പെട്ടു.

ഇറാക്ക് പുനർനിർമ്മാണം: കുവൈറ്റ് വക 6400 കോടി

കുവൈറ്റ് സിറ്റി: യുദ്ധത്തിൽ തകർന്ന ഇറാക്കിന്റെ പുനർനിർമ്മാണത്തിനായി കുവൈറ്റ് 6400 കോടി രൂപ വായ്പയായി നൽകുമെന്ന് കുവൈറ്റ് ഭരണാധികാരി എമിർ ഷെയ്ക്ക് സബാ അൽ അഹമ്മദ് അൽ സബാ പ്രഖ്യാപിച്ചു. 2003ൽ തലസ്ഥാനമായ ബാഗ്ദാദിലെ അമേരിക്കൻ കടന്നുകയറ്റവും ഇതിന പിന്നാലെ ഇസ്ലാമിക് സ്റ്റേറ്റ് ഭീകരാക്രമണവും തളർത്തിയ ഇറാക്കിനെ സമാധാനത്തിലേക്ക് മടക്കിക്കൊണ്ടുവരാനാണ് കുവൈറ്റ് ആഗ്രഹിക്കുന്നതെന്നും ഷെയ്ക്ക് സബാ അൽ അഹമ്മദ് പറഞ്ഞു. ഇറാക്കിനുണ്ടായ നഷ്ടങ്ങൾ അവർക്ക് ഒറ്റയ്ക്ക് നികത്താൻ സാധിക്കുന്നതല്ലെന്നും അതിനായി ലോകരാഷ്ട്രങ്ങളുടെ സഹായം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

എന്നെ പുറത്താക്കുന്നത് അനീതി; ജേക്കബ് സുമ

ജൊഹന്നാസ്ബർഗ്: തന്നെ പുറത്താക്കാനുള്ള ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് പാർട്ടിയുടെ നടപടി അനീതിയാണെന്ന് ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് ജേക്കബ് സുമ പറഞ്ഞു. താൻ എന്ത് കാരണത്തിനാണ് രാജിവയ്ക്കേണ്ടതെന്ന് ഇവർ വ്യക്തമാക്കണമെന്നും സുമ പറഞ്ഞു.

'എനിക്കെതിരെ ഇത്തരമൊരു നടപടിയെടുത്തത് നീതീകരിക്കാവുന്നതല്ല. എന്ത് തെറ്റാണ് ഞാൻ ചെയ്തതെന്ന് ആരും വ്യക്തമാക്കുന്നില്ല.' ഒരു ടെലിവിഷൻ ചാനലിന് നൽകിയ അഭിമുഖത്തിൽ സുമ വ്യക്തമാക്കി.

48 മണിക്കൂറിനകം പ്രസിഡന്റ് സ്ഥാനം രാജിവച്ച് പുറത്തുപോകാൻ കഴിഞ്ഞ ദിവസമാണ് എ.എൻ.സി സുമയ്ക്ക് താക്കീത് നൽകിയത്. രാജിക്ക് ഇനിയും വിസമ്മതിക്കുകയാണെങ്കിൽ പാർലമെന്റ് വിശ്വാസവോട്ട് തേടുമെന്നും എ.എൻ.സി പറഞ്ഞിരുന്നു.

ഗുപ്ത കുടുംബത്തിന്റെ വസതിയിൽ റെയ്ഡ്

ജൊഹന്നാസ്ബർഗ്: ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് ജേക്കബ് സുമയുമായി ബന്ധപ്പെട്ട അഴിമതിയാരോപണങ്ങളിൽ അദ്ദേഹത്തെ സഹായിച്ച ഗുപ്ത കുടുംബത്തിന്റെ വസതിയിൽ പൊലീസ് ഇന്നലെ പരിശോധന നടത്തി. ഇന്ത്യൻ കുടിയേറ്റക്കാരായ മൂന്ന് സഹോദരൻമാരുടെ കുടുംബമാണ് ഗുപ്ത. ദക്ഷിണാഫ്രിക്കയിലെ പ്രബല ബിസിനസ് സാമ്രാജ്യത്തിന്റെ ഉടമകൾ കൂടിയാണിവർ. ജേക്കബ് സുമ ഉൾപ്പെട്ട ഗുപ്തഗേറ്റ് അഴിമതിയിൽ ഗുപ്ത സഹോദരങ്ങളായ അജയ്, അതുൽ, രാജേഷ് എന്നിവരിൽ നിന്ന് ഭീമമായ തുക കൈപ്പറ്റിയിട്ടുണ്ടെന്നാണ് ആരോപണം.

ക്രൈസ്തവർക്ക് ബി.ജെ.പി വക സൗജന്യ ജറുസലേം യാത്ര

വാഗ്ദാനം വടക്കുകിഴക്കൻ മേഖലയിൽ

ന്യൂഡൽഹി: ഈ മാസം തിരഞ്ഞെടുപ്പ് നടക്കുന്ന നാഗലാൻഡിൽ അധികാരത്തിലെത്തിയാൽ ക്രൈസ്തവർക്ക് പുണ്യനഗരമായ ജറുസലേമിൽ യാത്ര ചെയ്യാൻ സബ്സിഡി നൽകുമെന്ന് ബി.ജെ.പി വാഗ്ദാനം ചെയ്തു.

സംസ്ഥാനത്തെ പാർട്ടി വക്താവ് ജെയിംസ് വിസോയാണ് ഇക്കാര്യം വെളിപ്പെടുത്തിയത്.

ബി.ജെ.പിക്കെതിരെ നാഗലാൻഡ് ബാപ്ടിസ്റ്റ് ചർച്ച് കൗൺസിൽ വിശ്വാസികളോട് ആഹ്വാനം ചെയ്തതിന് പിറകെ വാഗ്ദാനം വന്നത് ശ്രദ്ധേയമാണ്. നാഗലാൻഡിനൊപ്പം തിരഞ്ഞെടുപ്പ് നടക്കുന്ന ത്രിപുര, മേഘാലയ സംസ്ഥാനങ്ങളിലും ജറുസലേം യാത്രയ്ക്കുള്ള സബ്സിഡി നടപ്പാക്കുമെന്നും സൂചനയുണ്ട്. തിരഞ്ഞെടുപ്പ് വരുമ്പോഴാണ് ബി.ജെ.പി സബ്സിഡിയെക്കുറിച്ച് ഓർക്കുന്നതെന്ന് ഹജ്ജിനുള്ള ധനസഹായം നിറുത്തലാക്കിയതിനെ പരാമർശിച്ച് എം.പിയും മജ്‌ലിസ് ഇത്തെഹാദുൽ മുസ്ലിമീൻ നേതാവും എം.പിയുമായ അസദുദ്ദീൻ ഒവൈസി പറഞ്ഞു.

ഇന്ത്യ- ചൈന ബന്ധം വീണ്ടും വഷളാകും: യു.എസ്

വാഷിംഗ്ടൺ: ഇന്ത്യയും ചൈനയും തമ്മിലുള്ള നിലവിലെ ബന്ധം കൂടുതൽ മോശമാകാൻ സാദ്ധ്യതയുണ്ടെന്ന് അമേരിക്കയുടെ രഹസ്യാന്വേഷണ വിഭാഗം മേധാവി ഡാൻ കോട്സ് വ്യക്തമാക്കി. ഡോംഗ്‌ലോംഗ് വിഷയത്തെ മുൻനിറുത്തിയായിരുന്നു അദ്ദേഹത്തിന്റെ പരാമർശം.

ഇന്ത്യയും ചൈനയും തമ്മിലുള്ള അസ്വാരസ്യങ്ങൾ തുടരുമെന്നാണ് കരുതുന്നത്. ഇത് ഇനിയും വഷളാകാൻ സാദ്ധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഡോംഗ്‌ലോംഗ് വിഷയത്തിനു ശേഷം പ്രശ്നപരിഹാരത്തിന് ചൈനീസ് വിദേശകാര്യ മന്ത്രാലയത്തിന്റെ ഭാഗത്തുനിന്ന് കാര്യമായ ഇടപെടലുകൾ ഉണ്ടായില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ലോകത്തെ വിവിധ രാഷ്ട്രങ്ങൾക്കെതിരെ നിലനിൽക്കുന്ന ഭീഷണികളെ വിലയിരുത്തുന്ന അമേരിക്കൻ ഇന്റലിജൻസിന്റെ യോഗത്തിൽ പങ്കെടുക്കവെയാണ് കോട്സിന്റെ പരാമർശം.

പുതിയ ആണവായുധങ്ങൾ വികസിപ്പിക്കുന്നതിലൂടെ അമേരിക്കയ്ക്കും പാകിസ്ഥാൻ തുടർച്ചയായി ഭീഷണി ഉയർത്തുകയാണ്.

പാകിസ്ഥാൻ ഭീകരവാദികളുമായി സമ്പർക്കം പുലർത്തി, ഭീകരവിരുദ്ധ പ്രവർത്തനങ്ങളെ തടസപ്പെടുത്തുന്നു. അതോടൊപ്പം ചൈനയോട് അടുപ്പം സ്ഥാപിക്കാനും ശ്രമിക്കുന്നുണ്ട്.- അദ്ദേഹം കൂട്ടിച്ചേർത്തു.

പാകിസ്ഥാൻ പുതിയ ആണവായുധം നിർമ്മിക്കുന്നു

പാകിസ്ഥാൻ പുതിയ ആണവായുധങ്ങൾ വികസിപ്പിച്ചെടുക്കുന്നുണ്ടെന്ന് അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസി മുന്നറിയിപ്പ് നൽകി.

പുതിയ തരം ആണവായുധങ്ങളും ഹ്രസ്വ ശ്രേണിയിൽപ്പെട്ട തന്ത്രപരമായ ഉപകരണങ്ങളും കടലിൽ നിന്നും ആകാശത്ത് നിന്നും വിക്ഷേപിക്കാവുന്ന ക്രൂയിസ് മിസൈലുകളും ദീർഘദൂര ബാലസ്റ്റിക് മിസൈലുകളും നിർമ്മിക്കാനുള്ള പണിപ്പുരയിലാണ് പാകിസ്ഥാൻ എന്നാണ് യു.എസ് വ്യക്തമാക്കിയത്. ഇത് പ്രദേശത്തെ സുരക്ഷയ്ക്ക് പുതിയ വെല്ലുവിളി ഉയർത്തുമെന്നും അദ്ദേഹം പറഞ്ഞു.

അടുത്ത വർഷം അമേരിക്ക അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി ഉത്തരകൊറിയയുടെ ആണവായുധ ഭീഷണിയായിരിക്കുമെന്നും ഡാൻ കോട്സ് മുന്നറിയിപ്പ് നൽകി. സിറിയയിൽ ആണവ റിയാക്ടർ നിർമ്മാണം പുരോഗമിക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

> **പാക് പിന്തുണയിൽ ഇന്ത്യയെ ആക്രമിക്കും**
>
> പാക് പിന്തുണയുള്ള ഭീകര സംഘടനകൾ ഇന്ത്യയ്ക്കകത്ത് ആക്രമണം തുടരാൻ സാദ്ധ്യതയുണ്ടെന്ന് അമേരിക്കൻ ഇന്റലിജൻസ് മേധാവി ഡാനിയേൽ കോട്സ് മുന്നറിയിപ്പ് നൽകി.
>
> ജമ്മുകാശ്മീരിലെ സുഞ്ജ്വാൻ സൈനിക ക്യാമ്പിലുണ്ടായ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് കോട്ട്സിന്റെ മുന്നറിയിപ്പ്.

ബാങ്ക് തട്ടിപ്പ്: 2016-17ലെ നഷ്ടം ₹16 ലക്ഷം കോടി

2017ൽ ഇന്ത്യയിലെ ബാങ്കുകൾ സംയുക്തമായി കുറിച്ചിട്ട കിട്ടാക്കടം (നിഷ്ക്രിയ ആസ്തി) എട്ട് ലക്ഷം കോടി രൂപയാണ്.

എന്നാൽ, ഇതേ ബാങ്കുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം നടന്ന തട്ടിപ്പുകളിലൂടെ നഷ്ടപ്പെട്ട തുക ഇതിന്റെ ഇരട്ടി വരും. രാജ്യത്തെ 76 ബാങ്കുകളിലായി 5,076 തട്ടിപ്പ് കേസുകളാണ് 2016-17ൽ രജിസ്റ്റർ ചെയ്യപ്പെട്ടത്. ഈയിനത്തിൽ നഷ്ടപ്പെട്ട തുക 16.78 ലക്ഷം കോടി രൂപ.

വ്യാജ ഏറ്റുമുട്ടൽ കേസ് ഉത്തരവുകൾ ചോദ്യം ചെയ്ത് റിട്ട. ജഡ്ജി

ന്യൂഡൽഹി: ഗുജറാത്തിലെ സൊഹറാബുദ്ദീൻ വ്യാജ ഏറ്റുമുട്ടൽ കേസ് പരിഗണിച്ച സി.ബി.ഐ കോടതിയിൽ ഇടപെടലുകൾ നടന്നതായും ബി.ജെ.പി ദേശീയ അദ്ധ്യക്ഷൻ അമിത് ഷാ അടക്കം പ്രതിചേർക്കപ്പെട്ട ഉന്നതരെ വെറുതേ വിട്ട വിധി പുന:പരിശോധിക്കണമെന്നും മുംബയ് ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് അഭയ് എം. തിപ്സെ ആവശ്യപ്പെട്ടു. ഒരു ഇംഗ്ലീഷ് ദിനപത്രത്തിന് അനുവദിച്ച അഭിമുഖത്തിലാണ് വെളിപ്പെടുത്തൽ.

38 പ്രതികളിൽ അമിത് ഷാ അടക്കമുള്ള ഉന്നതരെ വെറുതേ വിട്ടതിൽ ന്യായീകരണമില്ല. കേസിൽ നിരവധി അസാധാരണ സംഭവങ്ങൾ നടന്നതായി സംശയിക്കുന്നുണ്ടെന്നും ജസ്റ്റിസ് തിപ്സെ ചൂണ്ടിക്കാട്ടി.

പോൺ താരത്തിന് ട്രംപ് പണം നൽകിയത് സ്വന്തം കൈയിൽ നിന്ന്

വാഷിംഗ്ടൺ: അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി ബന്ധമുണ്ടെന്ന് ആരോപിക്കപ്പെട്ട അശ്ലീലചിത്ര നടി സ്റ്റെഫാനി ക്ലിഫോഡിന് സ്വന്തം കൈയിൽ നിന്നാണ് പണം നൽകിയിരുന്നതെന്ന് ട്രംപിന്റെ അഭിഭാഷകൻ വ്യക്തമാക്കി. ആ പണം തിരഞ്ഞെടുപ്പ് കാമ്പെയിൻ ഫണ്ടിൽ നിന്നോ മറ്റ് സർക്കാർ ഫണ്ടുകളിൽ നിന്നോ എഴുതിയെടുത്തതല്ലെന്നും ട്രംപിന്റെ അഭിഭാഷകൻ മൈക്കൽ കൊഹെൻ പറഞ്ഞു.

സ്റ്റെഫാനി ക്ലിഫോഡുമായുള്ള ട്രംപിന്റെ ബന്ധത്തെപ്പറ്റി കഴിഞ്ഞ മാസമാണ് വാർത്ത പുറത്തുവന്നത്. 12 വർഷം മുൻപായിരുന്നു സ്റ്റെഫാനിയുമായുള്ള ട്രംപിന്റെ ബന്ധം. എന്നാൽ പ്രസിഡന്റായതോടെ സംഭവം മറച്ചുവയ്ക്കാനായി ഇവർക്ക് മാസം തോറും ഏകദേശം 84.5 ലക്ഷം രൂപ ട്രംപ് നൽകിയിരുന്നെന്നായിരുന്നു റിപ്പോർട്ട്. ഈ പണം ട്രംപ് ഓർഗനൈസേഷനിൽ നിന്നും പ്രചാരണ ഫണ്ടിൽ നിന്നുമാണ് നൽകുന്നതെന്നും വാർത്ത പുറത്തുവന്നിരുന്നു.

എന്നാൽ ഇക്കാര്യം ട്രംപിന്റെയും സ്റ്റെഫാനിയുടെയും അഭിഭാഷകർ നിഷേധിച്ചിരുന്നു. 'ട്രംപ് അശ്ലീലചിത്ര നടിക്ക് പണം നൽകിയെന്നത് സത്യമാണ്. എന്നാൽ അതിൽ നിയമവിരുദ്ധമായ കാര്യങ്ങളൊന്നുമില്ല'- കൊഹെൻ പറഞ്ഞു. എന്നാൽ എന്തിന വേണ്ടിയാണ പണം നൽകിയതെന്ന ചോദ്യത്തിന് മറുപടി പറഞ്ഞില്ല.

ട്രംപ് സ്റ്റെഫാനി ക്ലിഫോഡിനൊപ്പം

സയീദിന്റെ മദ്രസകൾക്കെതിരെ പാകിസ്ഥാൻ

റാവൽപിണ്ടി: ഭീകരവാദിയായ ഹാഫിസ് സയീദിനും പാകിസ്ഥാനിൽ പ്രവർത്തിക്കുന്ന ഭീകര സംഘടനകൾക്കുമെതിരെ നടപടിയെടുത്തതിന് പിന്നാലെ ഹാഫിസ് മദ്രസകൾക്കും മറ്റ് ആരോഗ്യ സ്ഥാപനങ്ങൾക്കുമെതിരെ പാകിസ്ഥാൻ സർക്കാർ നടപടിയാരംഭിച്ചു.

പ്രവിശ്യാഭരണകൂടത്തിന്റെ നിർദ്ദേശപ്രകാരം ജില്ലാഭരണകൂടത്തിന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം ലിസ്റ്റിലുള്ള നാല് മദ്രസകളും സന്ദർശിച്ചു. അതേസമയം, മദ്രസകളുമായി തങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്ന് ഹാഫിസ് സയീദിന്റെ നേതൃത്വത്തിലുള്ള ജമാത്തുദ്ദവ വ്യക്തമാക്കി. ജമാത്തുദ്ധവയ്ക്കെതിരെയും ഫലാഹി ഇൻസാനിയാത്ത് ഫൗണ്ടേഷനും എതിരെയാണ് നടപടികൾ ആരംഭിച്ചത്.

ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികളെയും പഠിപ്പിക്കുന്ന അദ്ധ്യാപകരെയും കുറിച്ച് അന്വേഷിക്കുമെന്ന് ജില്ലാ ഭരണകൂടം വ്യക്തമാക്കി.

വിവിധം

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ സാമൂഹ്യ ശുശ്രൂഷ ഭവനം ഒരു സമ്മാന പദ്ധതിയുടെ ഉദ്ഘാടനം വെള്ളയമ്പലം ലിറ്റിൽ ഫ്ലവർ ചർച്ച് ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. എം. വിൻസെന്റ് എം.എൽ.എ, മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ, വികാരി ജനറൽ യൂജിൻ.എച്ച്. പെരേര, ആർച്ച് ബിഷപ്പ് ഡോ.എം. സൂസപാക്യം, സഹായ മെത്രാൻ ഡോ. ആർ. ക്രിസ്തുദാസ്, കെ. മുരളീധരൻ എം.എൽ.എ എന്നിവർ സമീപം

ഓഖി; വസ്തുതകൾ പുറത്തുവന്നപ്പോൾ തെറ്റിദ്ധാരണ മാറിയെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ഓഖി ദുരന്ത നിവാരണത്തെച്ചൊല്ലി പലകോണുകളിൽ നിന്നും തെറ്റിദ്ധാരണ ഉണ്ടായെന്നും എന്നാൽ വസ്തുതകൾ പുറത്തുവന്നപ്പോൾ അത് നീങ്ങിയെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ലത്തീൻ അതിരൂപത അദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ.എം. സൂസപാക്യത്തിന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച് അതിരൂപത നടപ്പാക്കുന്ന 'ഭവനം ഒരു സമ്മാനം' പദ്ധതിയിൽ പൂർത്തീകരിച്ച 50 വീടുകളുടെ താക്കോൽദാന കർമ്മം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഓഖി ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി, സാമ്പത്തിക ഭദ്രതയില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പെൺകുട്ടികൾക്കായുള്ള 'സാന്ത്വനം മംഗല്യം' പദ്ധതി എന്നിവയുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു.

ആർച്ച് ബിഷപ്പ് ഡോ. എം. സൂസപാക്യം അദ്ധ്യക്ഷനായിരുന്നു. മന്ത്രി മേഴ്സിക്കുട്ടിയമ്മ, എം.എൽ.എമാരായ കെ. മുരളീധരൻ, എം. വിൻസെന്റ്, അതിരൂപത സഹായ മെത്രാൻ ഡോ. ആർ. ക്രിസ്തുദാസ് തുടങ്ങിയവർ സംസാരിച്ചു.

സേവന വേതന വ്യവസ്ഥകൾ ഉയർത്തുക, തൊഴിൽ ചൂഷണം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേരളത്തിലെ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരും, ജീവനക്കാരും സെക്രട്ടേറിയറ്റിന് മുന്നിൽ ആരംഭിച്ച സത്യാഗ്രഹത്തിന്റെ ഉദ്ഘാടനം സി.ഐ.ടി.യു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ നിർവഹിക്കുന്നു

പ്രവാസി വൃദ്ധദമ്പതികളിൽ നിന്ന് 24 ലക്ഷം തട്ടിയ സംഭവം: എസ്.ഐയുടെ ഇടപെടൽ തെളിഞ്ഞു

തൃശൂർ: പ്രവാസി വൃദ്ധദമ്പതികളിൽ നിന്ന് 24 ലക്ഷം രൂപ തട്ടിയെടുത്ത കേസിൽ കൂട്ടുപ്രതിയായ എസ്.ഐ സംഭവ ദിവസം അയ്യന്തോൾ കളക്ടറേറ്റ് പരിസരത്ത് എത്തിയതായി പൊലീസിന് തെളിവ് ലഭിച്ചു. തട്ടിപ്പ് നടന്ന ദിവസം എസ്.ഐ തൃശൂരിലെത്തിയിരുന്നോ എന്നറിയാൻ മൊബൈൽ ടവർ ലൊക്കേഷൻ കേന്ദ്രീകരിച്ചായിരുന്നു പൊലീസിന്റെ അന്വേഷണം. എസ്.ഐയെ അറസ്റ്റ് ചെയ്യാൻ അന്വേഷണ സംഘത്തിന് നിർദ്ദേശം ലഭിച്ചതായാണ് വിവരം.

തട്ടിപ്പിൽ പങ്കാളിയാവാൻ ഇയാൾ എങ്ങനെ എത്തിയെന്നത് അടക്കം പൊലീസ് തെളിവ് ശേഖരിച്ച് കഴിഞ്ഞു. ഇടുക്കി ജില്ലയിലെ സ്റ്റേഷനിലെ എസ്.ഐ യാണെന്ന് നേരത്തെ തിരിച്ചറിഞ്ഞിരുന്നു. എറണാകുളം സ്വദേശിയും പ്രവാസിയുമായ ജോണിയുടെ സ്ഥലത്തിന് ബാങ്ക് വായ്പ നൽകുന്നതിന് ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ മുഖ്യപ്രതി സൈമൺ ദേവസ്യ തൃശൂരിലേക്ക് വിളിച്ച് വരുത്തിയാണ് തട്ടിപ്പ് നടത്തിയത്. കടക്കെണിയിലായ ജോണി നൽകിയ പരസ്യം കണ്ട് കടം വീട്ടാൻ സഹായിക്കാമെന്ന് വാഗ്ദാനം ചെയ്ത് പലതവണകളിലായി നാലരലക്ഷത്തോളം രൂപയും സ്റ്റാമ്പ് പേപ്പർ ചെലവിലേക്ക് 20 ലക്ഷം രൂപയും വാങ്ങി. കഴിഞ്ഞ ദിവസം സൈമൺ ദേവസ്യ പിടിയിലായിരുന്നു. തട്ടിപ്പിനിടെ സൈമൺ അറിയാതെ ജോണി മൊബൈൽ ഫോണിൽ പകർത്തിയ ദൃശ്യങ്ങളാണ് പ്രതിയെ കുടുക്കാൻ സഹായകരമായത്. സൈമൺ ദേവസ്യയെ ചോദ്യം ചെയ്തുവരികയാണ്. വൃദ്ധദമ്പതികളിൽ നിന്ന് സൈമൺ തട്ടിയെടുത്ത പണവുമായി കടന്നുകളഞ്ഞത് എസ്.ഐ ആണെന്നും സൂചനയുണ്ട്. പൊലീസ് യൂണിഫോമിലെത്തിയ എസ്.ഐ, സൈമണിന്റെ സഹായിയെ പണം സഹിതം 'അറസ്റ്റ്' ചെയ്തുകൊണ്ടുപോയതായി വൃദ്ധദമ്പതികൾ നൽകിയ പരാതിയിലുണ്ട്. കഴിഞ്ഞ ഡിസംബർ 12ന് അയ്യന്തോൾ കളക്ടറേറ്റ് പരിസരത്തായിരുന്നു സംഭവം. രണ്ടരക്കോടി രൂപ വിലയുള്ള വീട് വിൽക്കാൻ ജോണി പരസ്യം നൽകിയിരുന്നു. പരസ്യം കണ്ട സൈമൺ, സാജൻ ജോസഫ് എന്ന പേരിൽ ജോണിയെ സമീപിച്ചാണ് തട്ടിപ്പ് നടത്തിയത്.

നികുതി വെട്ടിപ്പ്: ശ്രീവത്സം ഗ്രൂപ്പിന്റെ ആസ്തികൾ കണ്ടുകെട്ടി

തിരുവനന്തപുരം: നികുതി വെട്ടിപ്പ് കേസിൽ അന്വേഷണം നേരിടുന്ന ശ്രീവത്സം ഗ്രൂപ്പിന്റെ ആസ്തികൾ ആദായനികുതി വകുപ്പ് താത്കാലികമായി കണ്ടുകെട്ടി. കേരളത്തിനകത്തും പുറത്തുമുള്ള 36 ആസ്തി വകകളാണ് കണ്ടുകെട്ടിയത്. ഇതിൽ കേരളത്തിലെ എട്ട് സബ് രജിസ്ട്രാർ ഓഫീസുകളിലേയും ബാംഗ്ലൂരിലെ ശ്രീവത്സം ഗ്രൂപ്പിന്റെ ആസ്തികളുണ്ട്.

നാഗാലാൻഡിലെ മുൻ പൊലീസ് ഉദ്യോഗസ്ഥനും ശ്രീവത്സം ഗ്രൂപ്പിന്റെ ഉടമയുമായ എം.കെ.ആർ. പിള്ള, ഭാര്യ വത്സല, മക്കളായ അരുൺരാജ്, വരുൺരാജ് എന്നിവരുടെ പേരിലുള്ള ആസ്തികളാണിത്.

നാഗാലാൻഡ് സേവനത്തിനിടെ ബിനാമി ഇടപാടുകളിലൂടെ പിള്ള കോടികൾ കേരളത്തിലേക്ക് കടത്തിയെന്ന് ആദായ നികുതി വകുപ്പ് കണ്ടെത്തിയിരുന്നു.

നികുതിയും പിഴയുമടക്കം 288 കോടി രൂപ അടയ്ക്കാൻ ആദായനികുതി വകുപ്പ് ആവശ്യപ്പെട്ടിരുന്നു. നികുതി അടയ്ക്കാത്തതിനാലാണ് നടപടി.

കാലിലെ ഭാരമൊഴിഞ്ഞു; സൈദലൈവിക്ക് ഇനി ജീവിതഭാരമേറാം

കൊച്ചി: 32 വർഷക്കാലം ഇരുട്ടുമുറിയിൽ പരസഹായത്തോടെയുള്ള സൈദലൈവിയുടെ ദുരിത ജീവിതത്തിന് അവസാനമായി. 19-ാം വയസുമുതൽ അനുഭവിക്കുന്ന മന്ത് രോഗം കാലുകൾക്ക് നൽകിയ 14 കിലോ ഭാരം അയാളെ വിട്ടുപോയി. കൊച്ചി അമൃത ആശുപത്രിയിൽ നടത്തിയ അപൂർവ ശസ്ത്രക്രിയയിലൂടെയാണ് 46 കാരനായ സൈദലൈവിയെ ദുരിതക്കയത്തിലാക്കിയ മന്ത് രോഗം ഭേദമായത്.

ഇപ്പോൾ ഇദ്ദേഹത്തിന് പരസഹായം കൂടാതെ നടക്കാം. ഇനിയൊരു കുഞ്ഞു കട ഇടണം, അനുജനും അമ്മയ്ക്കും കൈത്താങ്ങാവണം. - സൈദലൈവി പറയുന്നു.

തൃശൂർ സ്വദേശിയായ സൈദലൈവിയുടെ ഇടത് കാലിന്റെ തുടയിൽ നിന്ന് താഴേക്ക് മന്ത് വന്ന് വീർക്കുകയായിരുന്നു. കഴിഞ്ഞ രണ്ട് വർഷമായി ഇദ്ദേഹം കിടപ്പിലായിരുന്നു. ഇതിനിടയിൽ നിരവധി ശസ്ത്രക്രിയകൾക്ക് വിധേയനായെങ്കിലും കാലിലെ വീർത്ത ഭാഗത്തിന് വലിപ്പം കൂടുന്നതല്ലാതെ കുറഞ്ഞിരുന്നില്ല. അസാമാന്യ വലിപ്പമുള്ള മന്ത് ആയതിനാൽ പല ഡോക്ടർമാരും കൈയൊഴിഞ്ഞു.

പ്രതീക്ഷകൾ അവസാനിച്ച അവസ്ഥയിലാണ് അമൃതയിലെത്തിയതെന്നും സാധാരണ ജീവിതത്തിലേക്ക് തന്നെ മടക്കി കൊണ്ടുവന്നതിന് ദൈവത്തിനും ഡോക്ടർമാർക്കും നന്ദിയുണ്ടെന്നും സൈദലൈവി പറഞ്ഞു.

സൈദലൈവി ശസ്ത്രക്രിയയ്ക്ക് ശേഷം

> അഞ്ച് സർജന്മാരും മൂന്ന് അനസ്തറ്റിസ്റ്റുമാരും അടങ്ങുന്ന മെഡിക്കൽ സംഘം അഞ്ച് മണിക്കൂർ നീണ്ടു നിന്ന ശസ്ത്രക്രിയയിലൂടെയാണ് മന്ത് നീക്കം ചെയ്തത്. ഒരു തെറാപ്പിസ്റ്റിന് പകരം നാല് പേരുടെ സേവനം വേണ്ടിവന്നു.
>
> **ഡോ. സുബ്രഹ്മണ്യ അയ്യർ,**
> **പ്ലാസ്റ്റിക് ആൻഡ് റീകൺസ്ട്രക്ടീവ് വിഭാഗം മേധാവി**
> **അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്**

എബിൻ നാഗാലാൻഡ് സ്വദേശി മുഹമ്മദ് നജിബുലിനൊപ്പം

നാടുവിട്ട വിദ്യാർത്ഥിക്ക് നാഗാലാൻഡുകാരൻ തുണയായി

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുടയിൽ നിന്നും നാടുവിട്ടുപോയ 13 വയസുകാരന് നാഗാലാൻഡുകാരനായ 19 വയസുകാരൻ തുണയായി.

പരീക്ഷയിൽ മാർക്ക് കുറഞ്ഞതിന് വീട്ടുകാർ വഴക്ക് പറഞ്ഞതിനെ തുടർന്ന് രണ്ട് ദിവസങ്ങൾക്ക് മുമ്പാണ് ഇരിങ്ങാലക്കുട ചേലൂർ സ്വദേശി മേലേപ്പുറം വീട്ടിൽ എബിൻ ബിനോയ് സ്കൂട്ടറുമെടുത്ത് വീട്ടുവിട്ടത്. നാഗാലാൻഡിൽ നിന്നും ജോലി തേടി 14-ാം വയസിൽ കേരളത്തിലെത്തിയ മുഹമ്മദ് നജിബുൾ, താൻ ജോലിചെയ്യുന്ന നെടുമ്പാശ്ശേരിയിലെ ജ്യൂസ് കടയിൽ ജോലി അന്വേഷിച്ച് എത്തിയ മലയാളി ബാലനെ കണ്ട് പന്തികേട് തോന്നി വിവരം തിരക്കിയപ്പോഴാണ് സംഭവത്തിന്റെ ചുരുളഴിഞ്ഞത്. എബിനെ കാര്യങ്ങൾ പറഞ്ഞ് മനസിലാക്കിയ ശേഷം തിരിച്ചുപോകാൻ പറഞ്ഞപ്പോൾ അവന് മാതാപിതാക്കളുടെ ഫോൺ നമ്പർ പോലും അറിയാത്ത അവസ്ഥയായിരുന്നു. തുടർന്ന് പഠിക്കുന്ന സ്കൂൾ ചോദിച്ചറിഞ്ഞ് ഹെഡ്മിസ്ട്രസിനെ വിളിച്ച് കാര്യം പറയുകയായിരുന്നു.

സ്കൂട്ടറിൽ നെടുമ്പാശ്ശേരിയിൽ നിന്നും ഇരിങ്ങാലക്കുട വരെ എബിനെ കൊണ്ട് വന്ന് പൊലീസിൽ ഏൽപിച്ച ശേഷമാണ് നജീബ് മടങ്ങിയത്.